# അവസാനവാക്ക്

# നിങ്ങൾ പുറത്തുനിന്നു നോക്കുകയാണെങ്കിൽ

*''വരിക'' എന്നു ആത്മാവും മണവാട്ടിയും പറയട്ടെ, കേൾക്കുന്നവനും "വരിക" എന്നു പറയട്ടെ, ദാഹിക്കുന്നവൻ വരട്ടെ, ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളിപ്പാട് 22:17).*

നിങ്ങൾ എവിടെയാണ്? നിങ്ങൾ ക്രിസ്തുവിലാണോ അതോ ക്രിസ്തുവിന്നു പുറത്താണോ? ''പുറത്തുനിന്നു അകത്തേക്കു നോക്കുന്നതിനേക്കാൾ ഞാൻ അകത്തുകടന്നു പുറത്തേക്കു നോക്കുവാനാണ് ആഗ്രഹിക്കുന്നത്'' എന്നു നിങ്ങൾ പറഞ്ഞു കേട്ടിരിക്കാം. ആ വാക്ക് ഒരു വൃക്ഷത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ ഞാൻ അതിനോടു യോജിക്കുകയില്ല – അങ്ങനെയാണെങ്കിൽ ഒരാളുടെ പുറത്തുനിന്നു നോക്കുക, അകത്തു നിന്നു പുറത്തേക്കല്ല നോക്കുന്നത്! എങ്ങനെയായാലും, വിഷയം ക്രിസ്തുവിന്റെ സഭയാണെങ്കിൽ, മറ്റൊന്നും കൂടാതെ തന്നെ എനിക്കു – ഞാൻ അകത്തു കടന്നു പുറത്തേക്കു നോക്കും എന്നു പാടും!

സഭയെ സംബന്ധിച്ചു പുതിയ നിയമ തിരുവെഴുത്തുകളെ നിങ്ങൾ പരിഗണിക്കുകയാണെങ്കിൽ, തീർച്ചയായും ഞാൻ വിശ്വസിക്കുന്നതുപോലെ നിങ്ങളും വിശ്വസിക്കും. "സഭ" യുടെ ദൈവികരൂപഘടന അന്വേഷിച്ചുകൊണ്ടു, അതിൽ പ്രവേശിച്ചു പുറത്തേക്കു നോക്കുന്നത് നീട്ടി വെക്കുവാൻ ആർക്കുകഴിയും?

നിങ്ങൾ സഭയുടെ പുറത്തുനിന്നു അകത്തേക്കു നോക്കിക്കൊണ്ടിരിക്കുകയാണെങ്കിൽ, നിങ്ങൾ ഇവിടെ നിന്നു എവിടേക്കാണ് പോകുന്നത്? നിങ്ങൾക്കു എങ്ങനെ സഭയിൽ പ്രവേശിക്കാം, അല്ലെങ്കിൽ ക്രിസ്തുവിന്റെ ശരീരത്തിൽ അംഗമായിതീരാൻ കഴിയും?

തന്റെ സഭയിലേക്കു യേശു നമ്മെ ചേർക്കുന്നു. ആ വാക്കിന്റെ ലൗകിക അർത്ഥത്തിൽ നിങ്ങൾക്കു അതിൽ ചേരുവാൻ സാധ്യമല്ല; എങ്ങനെയായാലും അവൻ സന്തോഷത്തോടെ ആളുകളെ ചേർക്കും

(പ്രവൃത്തികൾ 2:47). അതു ഒന്നാം - നൂറ്റാണ്ടിലെ ആളുകൾ വചനം വിശ്വസിച്ചു അനുസരിച്ചതുകൊണ്ടായിരുന്നു. അതുപോലെ നാമും ചെയ്യണം. അവർക്കു കാണിച്ചുകൊടുത്ത വചനത്തിലെ യേശുവിനെ അവർ വിശ്വസിച്ചു (പ്രവൃത്തികൾ 2:41; റോമർ 10:17), അവർ തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസ്സാന്തരപ്പെട്ടു ക്രിസ്തുവിനെ ഓരോ ദിവസവും അനുഗമിപ്പാൻ സമർപ്പിക്കപ്പെട്ടു (പ്രവൃത്തികൾ 17:30, 31), അവരുടെ ഹൃദയത്തിലെ വിശ്വാസം നിമിത്തം അധരങ്ങളാൽ, യേശു ദൈവപുത്രനാണെന്നു അവർ ഏറ്റുപറയുകയും (റോമർ 10:10), അവരുടെ പാപമോചനത്തിനായി ക്രിസ്തുവിനോടു ചേരുവാൻ മുങ്ങൽ സ്നാനം ഏല്ക്കുകയും ചെയ്തു (റോമർ 6:3; പ്രവൃത്തികൾ 2:38; 22:16). അവരോടു പ്രസംഗിച്ച വചനം അവർ അനുസരിച്ചപ്പോൾ, ക്രിസ്തു അവരെ സഭയോടു ചേർത്തു (പ്രവൃത്തികൾ 2:47). അവർ ചെയ്തതുപോലെ നിങ്ങൾ ഇന്നു ചെയ്താൽ അവൻ അന്നു ചെയ്തതുപോലെ നിങ്ങളെ അവൻ സഭയോടു ചേർക്കും. ഒന്നാം നൂറ്റാണ്ടിലെ ആളുകളെ ക്രിസ്ത്യാനികൾ ആക്കിയ അതേ സുവിശേഷം ഇന്നു നിങ്ങളെയും ക്രിസ്ത്യാനികൾ ആക്കും.

ക്രിസ്ത്യാനിയായിത്തീരുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ട്. പക്ഷെ ചെയ്യേണ്ടതെന്തെന്ന് അറിയില്ലെങ്കിൽ കർത്താവിന്റെ സഭയിലെ ഒരു ഉപദേഷ്ടാവിനെ വിളിക്കുക. ക്രിസ്തുവിന്റെ സഭയുടെ ഡയറക്ടറിയിൽ നിന്നു ഫോൺ നമ്പർ ലഭിക്കും. അദ്ദേഹം സന്തോഷത്തോടെ നിങ്ങളെ സഹായിക്കും. നമ്മുടെ കർത്താവു അവന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന രക്ഷാപദ്ധതിയല്ലാതെ മറ്റൊന്നു സ്വീകരിക്കരുത്. നിങ്ങൾ വചനം വിശ്വസിച്ചു അനുസരിക്കുമ്പോൾ, നിങ്ങളുടെ ഹൃദയം മുഴുവൻ ദൈവത്തിനായി സമർപ്പിച്ചാൽ അവൻ തന്റെ ശരീരത്തോടു നിങ്ങളെ ചേർക്കും എന്ന കാര്യം ഉറപ്പാണ്. പിന്നെ, ക്രിസ്തുവിനെ അനുസരിച്ചശേഷം, അവന്റെ സഭയായി അവന്നു വേണ്ടി ജീവിക്കുക. നിങ്ങളുടെ അടുത്തു ക്രിസ്തുവിന്റെ സഭ ഇല്ലെങ്കിൽ, ഈ പുസ്തകത്തിന്റെ അവസാനം കൊടുത്തിട്ടുള്ള അഡ്രസ്സിൽ ബന്ധപ്പെട്ടാൽ ആരെങ്കിലും നിങ്ങളെ സഹായിക്കാതിരിക്കുകയില്ല.

യേശു പണിതതായ സഭയെക്കുറിച്ചു നിങ്ങൾക്കു കൂടുതൽ പഠിക്കണമെന്നുണ്ടെങ്കിൽ, ഈ പുസ്തകത്തിന്റെ അവസാന പേജിൽ കൊടുത്തിരിക്കുന്ന അഡ്രസിൽ ബന്ധപ്പെടുക, നിങ്ങളുടെ പേർ സൗജന്യതപാൽ വേദപഠന പദ്ധതിയിൽ ഉൾപ്പെടുത്തുക. ദയവായി പുറത്തുനിന്നുകൊണ്ടു അകത്തേക്കു നോക്കാതിരിക്കുക; ക്രിസ്തു തന്റെ മഹത്വമേറിയ സഭയോടു നിങ്ങളെ ചേർക്കുവാൻ അനുവദിക്കുകയും അങ്ങനെ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും സമൃദ്ധമായ നിത്യജീവൻ നിങ്ങൾക്കു ആസ്വദിക്കുവാൻ കഴിയും.

© 2009 Truth for Today